പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4707 26/06/2019- ൽ മറുപടിയ്ക്ക്

**കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നാളികേര വിലയിടിവ് മൂലം കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. നാളികേര വിലയിടിവ് കർഷകരെ ബാധിക്കാതിരിക്കുന്നതിനായി പച്ചത്തേങ്ങ സംഭരണം ഉടനെ പുനരാരംഭിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ട്. വിലയിടിവിനെ പ്രതിരോധിക്കുന്നതിനായി നാളികേരത്തിൽ നിന്നുമുള്ള വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് SFAC മുഖേനയുള്ള പദ്ധതികളിലൂടെയും അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിലൂടെയും (കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാഫാം, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണി) സാധ്യമാകുന്നതാണ്. നാളികേരകൗൺസിലിന്റെ മൂല്യവർദ്ധനവ് സംബന്ധിച്ചുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) നിലവിൽ പച്ചത്തേങ്ങ സംഭരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നിലവിലെ സംഭരണവില എത്രയാണ്; വ്യക്തമാക്കുമോ; | (ബി) നിലവിൽ പച്ചത്തേങ്ങ സംഭരണം 2019 ജൂൺ മാസം തന്നെ ആരംഭിക്കണമെന്ന് തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഇതിന് മുന്നോടിയായി ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് പ്രതിനിധി എന്നിവർ യോഗം ചേർന്ന് സംഭരണത്തിൽ താത്പര്യമുള്ള സംഘങ്ങളുടെ പട്ടിക അംഗീകരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>തൊണ്ടുകളഞ്ഞ ഉരുളൻ തേങ്ങയുടെ കിലോഗ്രാം വില 25 രൂപയിൽ താഴെയാകുമ്പോൾ സംഭരണം ആരംഭിക്കുവാനും സംഭരണ വില 27 രൂപ ആയി വർദ്ധിപ്പിക്കാമെന്നും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) പച്ചത്തേങ്ങ സംഭരണവില വർദ്ധിപ്പിക്കുന്നതിനും കൃഷിഭവൻ മുഖേന നാളികേരം | (സി) പച്ചത്തേങ്ങ സംഭരണ വില വർദ്ധിപ്പിക്കുന്നതിന് മന്ത്രി തലത്തിൽ തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്. കൃഷി ഭവൻ മുഖേനയുള്ള നാളികേര സംഭരണത്തിൽ അപാകതകൾ (വിളയാത്തതേങ്ങ അധികമായി |

| | |
|---|---|
| സംഭരിക്കുന്നതിനും നടപടി എടുക്കുമോ;വിശദാംശങ്ങൾ നൽകാമോ? | കർഷകർ നൽകുന്ന പ്രവണത) ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വതന്ത്രവും, സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണപദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>തെങ്ങുകൃഷി സംബന്ധിച്ച സാക്ഷ്യപത്രം കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് കൃഷി ഓഫീസർ നൽകുന്നതാണ്. തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം ഒരു വർഷം എന്ന കണക്കിൽ മാത്രമേ സംഭരിക്കാൻ സാധിക്കുകയുള്ളൂ. ശരാശരി ഗുണമേന്മ (FAQ) നിലവാരത്തിലുള്ള കൊപ്ര ഉണ്ടാക്കി കേരഫെഡിന് നൽകുന്നതിന് അനുയോജ്യമായ നാളികേരമായിരിക്കണം കർഷകരിൽ നിന്ന് സംഘങ്ങൾ സംഭരിക്കേണ്ടത്. കേരഫെഡിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങൾ, നാളികേരവികസന ബോർഡിന് കീഴിലുള്ള ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ, കൂടാതെ കർഷകരിൽ നിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയും ഗുണനിലവാരമുള്ള പച്ചനാളികേരം സംഭരിച്ച് നാഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിന് നൽകേണ്ടതാണെന്നും ഗുണനിലവാരത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം സംസ്കരണ ഏജൻസി സ്വന്തം നിലയിൽ വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു.<br>നിലവിൽ കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരണം നടത്തേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

Sreelatha

**സെക്ഷൻ ഓഫീസർ**